<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1807</u> <u>12-09-2023 - ൽ മറുപടിയ്ക്ക്</u>

<u>കാസർകോട് ജില്ലയിലെ കോളേജുകളിൽ ഡിഗ്രി പ്രവേശനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ 2023-24 വർഷം ഡിഗ്രി കോഴ്സുകളിലേക്ക് അപേക്ഷ നൽകിയവരുടെ വിശദ വിവരങ്ങൾ കോളേജ് തിരിച്ച് വ്യക്തമാക്കുമോ; | (എ) | 2023-24 അധ്യയന വർഷം ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. കാസർകോട് ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ 2023-24 വർഷം ഡിഗ്രി കോഴ്സുകളിലേക്ക് അപേക്ഷ നൽകിയ വരുടെ എണ്ണം / ഡിഗ്രി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം /നിലവിൽ ഒഴിവുള്ള ഡിഗ്രി സീറ്റുകളുടെ എണ്ണം എന്നിവ (19/08/2023 തീയതിവരെയുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ, കോളേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ ഈ വർഷം ഡിഗ്രി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം വിശദമാക്കുമോ; | (ബി) | എ - യിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ നിലവിൽ ഒഴിവുള്ള ഡിഗ്രി സീറ്റുകളുടെ എണ്ണം കോളേജ് തിരിച്ച് വ്യക്തമാക്കുമോ; | (സി) | എ - യിൽ ചേർത്തിരിക്കുന്നു |
| (ഡി) | അർഹരായ പരമാവധി വിദ്യാർത്ഥികൾക്ക് ഡിഗ്രി പ്രവേശനം ലഭിക്കുന്നതിന് ഈ വർഷം പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ മുഴുവൻ സർക്കാർ/ എയ്ഡഡ് കോളേജുകളിലും ഉള്ള എയ്ഡഡ് കോഴ്സുകളിൽ സ്റ്റാറ്റ്യൂട്ടറി മാക്സിമം പ്രകാരമുള്ള വിദ്യാർത്ഥി പ്രവേശനം നടത്താനുള്ള നടപടി സ്വീകരിക്കുന്നതിനും, ആർട്സ് & സയൻസ് കോളേജുകളിൽ 2023-24 അക്കാഡമിക വർഷം ബിരുദ പ്രോഗ്രാമിന് പരമാവധി 70 സീറ്റ് വരെയും ബിരുദാനന്തര ബിരുദ പ്രോഗ്രാമിന് പരമാവധി 30 സീറ്റ് വരെയും മാർജിനൽ ഇൻക്രീസ് അനുവദിച്ച് നൽകുന്നതിന് സർവ്വകലാശാലകൾക്ക് അനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ കണ്ണൂർ സർവ്വകലാശാല സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ, കാസർഗോഡ് ജില്ലയിലെ അഞ്ച് അൺ എയ്ഡഡ് കോളേജുകളിലായി അഞ്ച് പുതിയ കോഴ്സുകൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1807 (എ, ബി & സി)

കാസർകോട് ജില്ലയിലെ സർക്കാർ, എയ്ഡഡ് കോളേജുകളിൽ 2023-24 വർഷം ഡിഗ്രി കോഴ്സുകളിലേക്ക് അപേക്ഷ നൽകിയവരുടെ എണ്ണം / ഡിഗ്രി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം /നിലവിൽ ഒഴിവുള്ള ഡിഗ്രി സീറ്റുകളുടെ എണ്ണം എന്നിവ (പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല - 19/08/2023 തീയതിവരെയുള്ള കണക്കുകൾ മാത്രം) കോളേജ് തിരിച്ച് ചുവടെ ചേർക്കുന്നു.

| Sl. No | കോളേജിന്റെ പേര് | അപേക്ഷ നൽകിയവരുടെ എണ്ണം | പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം | നിലവിൽ ഒഴിവുള്ള സീറ്റുകളുടെ എണ്ണം |
|---|---|---|---|---|
| 1 | Govt. College Kasaragod | 8443 | 505 | 23 |
| 2 | Govinda Pai Memmorial Govt College Manjeswaram | 2267 | 140 | 8 |
| 3 | EKNM College Elerithattu | 4152 | 169 | 54 |
| 4 | Nehru Arts and Science College, Kanhangad | 7124 | 413 | 11 |
| 5 | St. Pius X College, Rajarapuram | 3152 | 229 | 33 |
| 6 | Beja Model College of Arts & Science | 671 | 54 | 86 |
| 7 | Govt Arts & Science, College, Udma | 3331 | 129 | Nil |
| 8 | Govt Arts & Science College Karinthalam | 2272 | 118 | 19 |

Sreelekha

സെക്ഷൻ ഓഫീസർ